പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 238 — 5-03-2012 - ൽ മറുപടിയ്ക്ക്

## കൊല്ലം മത്സ്യബന്ധനതുറമുഖത്തിന്റെ വികസനപ്രവൃത്തികൾ

ചോദ്യം — ഉത്തരം

| | ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | കൊല്ലം മത്സ്യബന്ധനതുറമുഖത്തിന്റെ ഭാഗമായി ലേലഹാളുകളും ലോക്കറുകളും സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും സമർപ്പിച്ച നിവേദനങ്ങളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഇവ സ്ഥാപിക്കും; | (എ) | തങ്കശ്ശേരി ഫിഷറി ഹാർബറിൽ 45 അധിക ലോക്കർ മുറികൾ നിർമ്മിക്കുന്നതിന് RIDF-നബാർഡ് ധനസഹായം ലഭിക്കുന്നതിലേയ്ക്ക് 2010 ഷെഡ്യൂൾ നിരക്ക പ്രകാരം എസ്റ്റിമേറ്റ് പുതുക്കി 58.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിന് നബാർഡിന്റെ അംഗീകാരം ലഭിച്ച ശേഷം തുടർനടപടി സ്വീകരിക്കുന്നതായിരിക്കും. തങ്കശ്ശേരി ഹാർബറിലെ, പോർട്ട് കൊല്ലം ഭാഗത്തെ മത്സ്യത്തൊഴിലാളികളുടെ നിരന്തര ആവശ്യമായ ലേലഹാൾ നിർമ്മിക്കാനുള്ള സ്ഥലം ഡ്രഡ്ജ് ചെയ്ത് നികത്തി എടുക്കുകയുണ്ടായി. ഈ ഭാഗത്ത് ഇനി ലേലഹാൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളികളുടെ വർഷങ്ങളായുള്ള ആവശ്യത്തിന് പരിഹാരം കാണാവുന്നതാണ്. കൂടാതെ കൊല്ലം പോർട്ട് റോഡ് വികസനത്തിന് തടസ്സമായി റോഡിന്റെ അലൈൻമെന്റിൽ ജോനകപ്പുറത്ത് നിൽക്കുന്ന ലേലഹാൾ പൊളിച്ച് നീക്കിയാൽ മാത്രമേ തുറമുഖറോഡ് പൂർണ്ണമായും യാഥാർത്ഥ്യമാവുകയുള്ളൂ. പൊളിച്ച് മാറ്റുന്ന ലേലഹാളിനു പകരം പുതുതായി ഒരെണ്ണം അതിനുമുന്നിലായി നിർമ്മിക്കേണ്ടതുണ്ട്. രണ്ട് ലേലപ്പുരകളുടെ നിർമ്മാണത്തിന് ഏകദേശം 160 ലക്ഷം രൂപ വേണ്ടി വരും. ഈ രണ്ട് ലേലഹാളിന്റെയും എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചതിൻമേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നിരവധി മത്സ്യത്തൊഴിലാളികളായ പുരുഷന്മാരും അനുബന്ധ മത്സ്യത്തൊഴിലാളികളായ സ്ത്രീകളും പണിയെടുക്കുന്ന തീരപ്രദേശങ്ങളിൽ ശൗച്യാലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ദിനംപ്രതി ആയിരക്കണക്കിനാളുകൾ വന്നു പോകുന്ന ഹാർബറിൽ ജോനകപ്പുറം, വാടി, മൂതാക്കര, തങ്കശ്ശേരി, പോർട്ട് കൊല്ലം എന്നിവിടങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കായി ഇപ്പോൾ തങ്കശ്ശേരിയിൽ ഒരു ടോയിലറ്റ് ബ്ളോക്ക മാത്രമാണുള്ളത്. പുതുതായി രണ്ട് ടോയിലറ്റ്ബ്ളോക്കുകൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ